"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണം - പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം - കോട്ടയം പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ ഓഫീസിലെ സീനിയർ ക്ലാർക്ക് ശ്രീ.ശിവൻകുട്ടി.റ്റി.എസ് ന് ആസാം - ഗുവാഹത്തി SRD സന്ദർശനത്തിനും ആസാമിലെ പഞ്ചായത്ത് രാജ് സംവിധാനത്തെപ്പറ്റി മനസിലാക്കുന്നതിനുമുള്ള പഠനയാത്രയിൽ അനുമതിയില്ലാതെ പങ്കെടുത്തതിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.1029/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 02/06/2020

---

പരാമർശം:- പഞ്ചായത്ത് ഡയറക്ടറുടെ 23.01.2020 ലെ ഇ4-17163/2019 നമ്പർ കത്ത്.

**ഉത്തരവ്**

കോട്ടയം പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ ഓഫീസിലെ സീനിയർ ക്ലാർക്ക് ശ്രീ.ശിവൻകുട്ടി.റ്റി.എസ് ന് കോട്ടയം ജില്ലാ പഞ്ചായത്തിലെ ജനപ്രതിനിധികൾക്ക് ഒപ്പം 2019 ഡിസംബർ 3 മുതൽ 8 വരെ കിലയുടെ ആഭിമുഖ്യത്തിൽ നടത്തിയ ആസാം - ഗുവാഹത്തി SRD സന്ദർശനത്തിനും ആസാമിലെ പഞ്ചായത്ത് രാജ് സംവിധാനത്തെപ്പറ്റി മനസിലാക്കുന്നതിനുമുള്ള പഠനയാത്രയിലും പങ്കെടുത്തിരുന്നു. അനുമതിയില്ലാതെ പ്രസ്തുത പരിപാടിയിൽ പങ്കെടുത്തതിന് സാധൂകരണം നൽകുന്നതിന് പരാമർശകത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ അപേക്ഷിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. യാത്ര തുടങ്ങുന്നതിന് മുൻപ് തന്നെ ശ്രീ.ശിവൻകുട്ടി.റ്റി.എസ് അപേക്ഷ സമർപ്പിച്ചിട്ടുള്ള സാഹചര്യം പരിഗണിച്ച് കോട്ടയം പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ ഓഫീസിലെ സീനിയർ ക്ലാർക്ക് ശ്രീ.ശിവൻകുട്ടി.റ്റി.എസ് ന് കോട്ടയം ജില്ലാ പഞ്ചായത്തിലെ ജനപ്രതിനിധികൾക്ക് ഒപ്പം 2019 ഡിസംബർ 3 മുതൽ 8 വരെ കിലയുടെ ആഭിമുഖ്യത്തിൽ നടത്തിയ ആസാം - ഗുവാഹത്തി SRD സന്ദർശനത്തിനും ആസാമിലെ പഞ്ചായത്ത് രാജ് സംവിധാനത്തെപ്പറ്റി മനസിലാക്കുന്നതിനുമുള്ള പഠനയാത്രയിൽ അനുമതിയില്ലാതെ പങ്കെടുത്തതിനും സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഷീബ ബി**
**ഡെപ്യൂട്ടിസെക്രട്ടറി**

പകർപ്പ്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, കോട്ടയം.

ശ്രീ.ശിവൻകുട്ടി.റ്റി.എസ്, സീനിയർ ക്ലാർക്ക്,പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ്. കോട്ടയം (പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ മുഖേന).

ഇൻഫർമേഷൻ ആൻഡ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്.

എക്സിക്യൂട്ടീവ് ഡയറക്ടർ. ഐ. കെ. എം. തിരുവനന്തപുരം.

കരുതൽ ഫയൽ ഓഫീസ് പകർപ്പ്.(ഇപിഎ1/41/2020/തസ്വഭവ നമ്പർ ഫയൽ).

ഉത്തരവിൻ പ്രകാരം

Danija MJ

സെക്ഷൻ ഓഫീസർ